I/209236/2022

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: ഹസീന.പി.എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - സ്റ്റോർ അറ്റൻഡർ തസ്തികയിലെ ഉദ്യോഗകയറ്റം - താത്കാലിക ക്രമീകരണം നടത്തി ഉത്തരവാകുന്നു.

പരാമർശം:-

1. 22.03.2021 തീയതിയിലെ DT/3992/2019-A9 നമ്പരായ സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.

2. 19.04.2022 തീയതിയിലെ DT/2883/2021-A9 നമ്പരായ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.

3. 01.08.2022 തീയതിയിലെ DT/3338/2022-A9 നമ്പർ ഉത്തരവ്.

4.01.08.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

5. 06.08.2022 തീയതിയിലെ DT/3338/2022-A9, DT/3338/2022-A9(1) നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ: DT/3527/2022-A9 തീയതി: 06-08-2022**

പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും അർഹരായ 8 ജീവനക്കാർക്ക് പരാമർശം (4) പ്രകാരം സ്റ്റോർ അറ്റൻഡർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ചിരുന്നു.

പരാമർശം (3) പ്രകാരം എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം അനുവദിച്ചത് മുഖേന സ്റ്റോർ അറ്റൻഡർ തസ്തികയിൽ നിലവിൽ വന്ന 8 ഒഴിവുകളിലേയ്ക്കാണ് പരാമർശം (4) പ്രകാരം ഉദ്യോഗകയറ്റം അനുവദിച്ചിട്ടുള്ളത്. എന്നാൽ എൽ.ഡി സ്റ്റോർ കീപ്പർ സ്ഥാനകയറ്റ ഉത്തരവിൽ ക്രമ നം. 1, 4 ആയി സ്ഥാനകയറ്റം അനുവദിച്ച ശ്രീ.രാജീവ്. എ, സ്റ്റോർ അറ്റൻഡർ, ഐ.ടി.ഐ.ചന്ദനത്തോപ്പ്, ശ്രീ.അനിരുദ്ധൻ.എൻ.കെ, സ്റ്റോർ അറ്റൻഡർ, ഐ.ടി.ഐ.ചാലക്കുടി എന്നീ ജീവനക്കാർ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്കുള്ള സ്ഥാനകയറ്റം പരാമർശം (5) പ്രകാരം റിലിൻക്വിഷ് ചെയ്തത് വഴി, നിലവിലെ സ്ഥാപനത്തിൽ സ്റ്റോർ അറ്റൻഡർ തസ്തികയിൽ തുടരാൻ അനുവദിക്കേണ്ട സാഹചര്യം ഉണ്ടായി. തന്മൂലം ടി സ്ഥാപനങ്ങളിലേക്ക് ഉദ്യോഗകയറ്റം അനുവദിച്ച ശ്രീമതി.അനിത.കെ.എൻ, ഫുൾ ടൈം സ്വീപ്പർ, ഐ.ടി.ഐ.അരീക്കോട്, ശ്രീ.എ.ജി.അനിൽകുമാർ, ഓഫീസ് അറ്റൻഡന്റ്, ഐ.ടി.ഐ.ഇളമാട് എന്നീ ജീവനക്കാർക്ക് സ്റ്റോർ അറ്റൻഡർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കാൻ നിർവാഹമില്ല.

റിലിൻക്വിഷ്മെന്റ് മുഖേന എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ നിലവിൽ വന്ന 2 ഒഴിവുകളിലേയ്ക്ക്, സ്റ്റോർ അറ്റൻഡർ തസ്തികയിലെ 2 ജീവനക്കാർക്ക് സ്ഥാനകയറ്റം അനുവദിക്കേണ്ടതുണ്ട്. എന്നാൽ, പരാമർശം (1) പ്രകാരമുള്ള, സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റിലെ

എല്ലാ ജീവനക്കാർക്കും ഉദ്യോഗകയറ്റം അനുവദിച്ചിട്ടുള്ളതിനാൽ ടി ഒഴിവുകളിൽ ഉദ്യോഗകയറ്റം അനുവദിക്കാൻ നിർവാഹമില്ല.

മേൽ സാഹചര്യത്തിൽ, ശ്രീ.രാജീവ്.എ, സ്റ്റോർ അറ്റൻഡർ, ശ്രീ.അനിരുദ്ധൻ.എൻ.കെ, സ്റ്റോർ അറ്റൻഡർ, എന്നീ ജീവനക്കാർ ഐ.ടി.ഐ.ചന്ദനത്തോപ്പ്, ഐ.ടി.ഐ.ചാലക്കുടി എന്നീ സ്ഥാപനങ്ങളിൽ സേവനത്തിൽ തുടരുന്നതിനാൽ, പരാമർശം (4) പ്രകാരം, ടി സ്ഥാപനങ്ങളിലേയ്ക്ക് സ്റ്റോർ അറ്റൻഡർ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം അനുവദിച്ച് നിയമിച്ച ക്രമ നം.2. ശ്രീമതി.അനിത.കെ.എൻ, ഫുൾ ടൈം സ്വീപ്പർ, ഐ.ടി.ഐ.അരീക്കോട്, ക്രമ നം.4. ശ്രീ.എ.ജി.അനിൽകുമാർ, ഓഫീസ് അറ്റൻഡന്റ്, ഐ.ടി.ഐ.ഇളമാട്, എന്നീ ജീവനക്കാരെ, വകുപ്പിൽ നിന്നും SC/ST പ്രത്യേക നിയമനത്തിനായി സംവരണം ചെയ്തിരിക്കുന്ന (സംസ്ഥാന തലം) 3 ഒഴിവുകളിൽ 2 ഒഴിവുകളിലേയ്ക്ക് ചുവടെ ചേർക്കും പ്രകാരം താത്കാലിക ക്രമീകരണം നടത്തി ഉത്തരവാകുന്നു.

| ക്രമ നം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്/ തസ്തിക/സ്ഥാപനം | സ്ഥാനകയറ്റം അനുവദിച്ച് നിയമിച്ച സ്ഥാപനം | ക്രമീകരണം നടത്തി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1. | 660 | അനിത.കെ.എൻ<br>ഫുൾ ടൈം സ്വീപ്പർ<br>ഐ.ടി.ഐ.അരീക്കോട് | ഐ.ടി.ഐ.<br>ചാലക്കുടി | ഐ.ടി.ഐ.<br>ധനുവച്ചപുരം |
| 2. | 667 | എ.ജി.അനിൽകുമാർ<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.ടി.ഐ.ഇളമാട് | ഐ.ടി.ഐ.ചന്ദനത്തോപ്പ് | ഐ.ടി.ഐ (വ)<br>കഴക്കൂട്ടം |

സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിക്കുമ്പോൾ, LDSK തസ്തികയിലെ 2 ഒഴിവുകളിലേയ്ക്ക് അർഹരായ ജീവനക്കാർക്ക് ഉദ്യോഗകയറ്റം അനുവദിക്കുന്നതും, ആയത് മുഖേന സ്റ്റോർ അറ്റൻഡർ തസ്തികയിൽ നിലവിൽ വരുന്ന 2 ഒഴിവുകൾ SC/ST പ്രത്യേക നിയമനത്തിനായി മാറ്റി വയ്ക്കുന്നതുമാണ്.

ടി ഉത്തരവിന് പരാമർശം (4) ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. മേൽ ജീവനക്കാർ നിലവിൽ ക്രമീകരണം നടത്തി നിയമിച്ച സ്ഥാപനത്തിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്.

2022 വർഷത്തെ പൊതുസ്ഥലം മാറ്റ അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ മേൽ പറഞ്ഞ ഉദ്യോഗസ്ഥർക്ക് നിയമനം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ പുനപരിശോധിക്കുന്നതാണ്.

(ഒപ്പ്)

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**<u>സ്വീകർത്താവ്:-</u>**

ബന്ധപ്പെട്ട ജീവനക്കാർ

<u>പകർപ്പ്:-</u>

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2. വകുപ്പ് വെബ്സൈറ്റ്
3. കരുതൽ ഫയൽ (ഫയൽ)

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്